# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6694 09/07/2014 - ൽ മറുപടിയ്ക്ക്

## പി.ഡബ്ല്യു.ഡി. -യ്ക്ക് നൽകിയ തുകയുടെ ഓഡിറ്റ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികവർഗ്ഗവികസന വകുപ്പ് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പി.ഡബ്ല്യു.ഡി.യ്ക്ക് നൽകിയ തുകയുടെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ;<br><br>(ബി) അപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ഇപ്രകാരം പി.ഡബ്ല്യു.ഡി. നൽകുന്ന തുകയുടെ എന്തു തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനമാണ് വകുപ്പ് നടത്തിപ്പോരുന്നത്; വിശദവിവരം നൽകുമോ ? | (എ)<br>(ബി)<br>(സി)<br>പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പി.ഡബ്ല്യു.ഡിയ്ക്ക് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുളള തുക പ്രത്യേക ശീർഷകം മുഖേന കൈകാര്യം ചെയ്യുന്നത് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനിയറാണ്. ടി തുക വിനിയോഗം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് നടക്കാറുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ പി.ഡബ്ല്യൂ.ഡി ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് കാലാകാലങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും, അവലോകനവും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ